## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3307 — 19.06.2019 ലെ മറുപടിക്ക്

### അനധികൃത കെട്ടിട സമുച്ചയങ്ങൾക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ് | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | മരടിലെ കെട്ടിട സമുച്ചയങ്ങൾ പൊളിച്ചുമാറ്റണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | മരടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ നിയമം ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ നിലവിൽ നിർമ്മാണത്തിന്റെ വിവധ ഘട്ടങ്ങളിലുള്ള ഉയർന്ന പാർപ്പിട സമുച്ചയങ്ങളും ഗാർഹികേതര വിഭാഗത്തിൽപ്പെടുന്ന വൻകിട കെട്ടിടങ്ങളും പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളും മറ്റ് ബന്ധപ്പെട്ട നിയമങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം നിയമ വിരുദ്ധമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് ഒരു കർമ്മ പരിപാടിക്ക് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) രൂപം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തു ഇത്തരത്തിൽ അനധികൃതമായും ചട്ടങ്ങളും നിയമങ്ങളും പാലിക്കാതെയും നിർമ്മിച്ചിട്ടുള്ള കെട്ടിട സമുച്ചയങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) & (സി) | കണക്കാക്കി വരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇത്തരം കെട്ടിട സമുച്ചയങ്ങൾ കണ്ടെത്തി അവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നുള്ള വിശദ വിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ